പ്രസ്തുത റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി 10 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിന് കാലതാമസം നേരിടുമെന്നതിനാൽ പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണിക്കുള്ള എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുവാൻ ബഹു. കുറ്റ്യാടി എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കിഫ്ബി അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 1-7-2021-ൽ ചേർന്ന യോഗത്തിൽ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാറശ്ശാല മണ്ഡലത്തിലെ പ്രവൃത്തികൾ

25(5180) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടികയും അവയ്ക്കോരോന്നിനും അനുവദിച്ച തുകയും നിർവ്വഹണ ഏജൻസിയുടെ പേരും വർഷം തിരിച്ച് വിശദമാക്കാമോ; ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങൾ, അനുവദിച്ച തുക, നിർവ്വഹണ ഏജൻസിയുടെ പേര്, ധനാനുമതി നൽകിയ സാമ്പത്തിക വർഷം, നിലവിലെ സ്ഥിതി എന്നിവ സഹിതം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) ഭരണാനുമതി നൽകുന്നതിനായി കിഫ്ബി പരിഗണിക്കുന്ന ഈ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടികയും തുകയും വ്യക്തമാക്കാമോ; ഇവയ്ക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പാറശ്ശാല നിയോജകമണ്ഡലത്തിലെ എല്ലാ പ്രവൃത്തികൾക്കും അംഗീകാരം നൽകിയിട്ടുള്ളതാണ്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടും നടപടിക്രമങ്ങൾ പൂർത്തിയാക്കാത്ത പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം, അമരവിള-ശ്രീരവക്കാണി റോഡ്, പശുവണ്ണറ-അരുവിക്കര-കീഴാറൂർ റിംഗ് റോഡ്, കുടുവീട്ടുകടവ് എന്നീ പ്രവൃത്തികളുടെ തൽസ്ഥിതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനാനുമതി ലഭ്യമാക്കിയിട്ടുള്ള പാറശ്ശാല ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം, അമരവിള-ശ്രീരവക്കാണി റോഡ്, പശുവണ്ണറ-അരുവിക്കര-കീഴാറൂർ റിംഗ് റോഡ്, കുടുവീട്ടുകടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധം - 2 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly